# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,

തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379

ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDIR/300/2025-A2(2)** തീയതി :30-05-2025

ഭരണഭാഷ – മാതൃഭാഷ

സ്വീകർത്താവ്

ഡയറക്ടർ

പൊതുവിദ്യാഭ്യാസ വകുപ്പ്

സർ,

വിഷയം:- വിഷയം - പി.വി.വി.വ - 2025-26 അധ്യയന വർഷത്തെ പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതികളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന :-

1) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 04.01.2025 തീയതിയിലെ BCDIR/430/2024-A2 നമ്പർ സർക്കുലർ.
2) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 04.07.2023 തീയതിയിലെ BCDIR/372/2023-A3 നമ്പർ സർക്കുലർ.
3) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 04.08.2023 തീയതിയിലെ BCDIR/371/2023-A3 നമ്പർ സർക്കുലർ.
4) ബഹു. വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വകുപ്പ് ഡയറക്ടർമാരുമായി 23.04.2025 തീയതിയിൽ ചേർന്ന യോഗം.

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി, ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി, PM-YASASVI Pre-Matric Scholarship for OBC,EBC & DNT എന്നീ പ്രീമെട്രിക് പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സൂചന 1,2,3 പ്രകാരം സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. പദ്ധതി പ്രകാരമുള്ള അപേക്ഷാ സമർപ്പണവും, സൂക്ഷ്മ പരിശോധനയും, ആനുകൂല്യ വിതരണവും സംബന്ധിച്ച് അപേക്ഷകർക്കും, വിദ്യാലയ അധികൃതർക്കുള്ള പൊതു നിർദ്ദേശങ്ങളാണ് പ്രസ്തുത സർക്കുലറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ 2025-26 അധ്യയന വർഷം മുതൽ മേൽപ്രകാരമുള്ള എല്ലാ പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതികളുടേയും അപേക്ഷാ നടപടികൾ സ്കൂൾ പ്രവേശന നടപടികളോടൊപ്പം തന്നെ പൂർത്തിയാക്കുന്നതിനും, സ്കൂളുകളിൽ നിന്നുള്ള ഇ-ഗ്രാന്റ്സ് ഡാറ്റാ എൻട്രി ജൂലൈ 15 നകം പൂർത്തിയാക്കുന്നതിനുമുള്ള നിർദ്ദേശം സ്കൂളുകൾക്ക് നൽകണമെന്ന് സൂചന 4 പ്രകാരം തീരുമാനിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. പ്രസ്തുത

തീരുമാന പ്രകാരം നിലവിലുള്ള സർക്കുലറുകളിൽ ഭേഗദതി വരുത്തിയിട്ടുണ്ട്. എല്ലാ സർക്കുലറുകളും **www.egrantz.kerala.gov.in** **www.bcdd.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

മേൽ സാഹചര്യത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതികളുടെ അപേക്ഷാ നടപടികളുടെ പരിഷ്കരിച്ച സമയക്രമം സംബന്ധിച്ച അറിയിപ്പ് സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും, സ്കൂൾ പ്രധാനാധ്യാപകർക്കും നൽകുന്നതിനും, അപേക്ഷാസമർപ്പണം സംബന്ധിച്ച സമയപരിധി കൃത്യമായി പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിർദ്ദിഷ്ട തീയതിയ്ക്ക് ശേഷം സ്കൂളുകളിൽ നിന്നും അപേക്ഷകൾ ഡാറ്റാ എൻട്രി നടത്തുന്നതിനോ ഫോർവേഡ് ചെയ്യുന്നതിനോ ഒരവസരം ഉണ്ടായിരിക്കുന്നതല്ല എന്ന വിവരം കൂടി അറിയിച്ചു കൊള്ളുന്നു. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതികളുടെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ലഭ്യമാക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

**D. Dharmalashri IAS**

**DIRECTOR**

<u>പകർപ്പ്</u>

1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും

ആജ്ഞാനുസരണം

Signed by Rophin K R
Date: 31-05-2025 11:32:32

സീനിയർ സൂപ്രണ്ട്

| പദ്ധതി | സ്കൂളുകളുടെ വിഭാഗം | ക്ലാസ് | അപേക്ഷിക്കാവുന്ന കാറ്റഗറി | വരുമാന പരിധി | മാർക്ക് പരിധി | സ്കൂളിൽ അപേക്ഷ സ്വീകരിക്കേണ്ട തീയതി | ഇ-ഗ്രാന്റ്സിൽ ഡാറ്റാ എൻട്രി പൂർത്തിയാക്കി ഫോർവേഡ് ചെയ്യേണ്ട അവസാന തീയതി | അനുവദിക്കുന്ന തുക (പ്രതി വർഷം) |
|---|---|---|---|---|---|---|---|---|
| ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി | Govt, Govt Aided, Unaided, CBSE-ICSE Affiliated Schools in Kerala | 1 മുതൽ 10 വരെ | OEC & OBC-H | OEC - വരുമാന പരിധിയില്ല<br>OBC(H) - 6 ലക്ഷം രൂപ | ഇല്ല | പ്രവേശന നടപടികൾക്കൊപ്പം | ജൂലൈ 15 | ലംപ്സം ഗ്രാന്റ്<br>LP - 750/-<br>UP - 900/-<br>HS - 1000/-<br>ഫീസ്<br>(fof Un-Aided Only)<br>LP & UP - 1333/-<br>HS - 2000/- |
| കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി | Govt & Govt Aided | 1 മുതൽ 8 വരെ | OBC<br>(Except OEC, OBC-H & Minorities) | 2.5 ലക്ഷം രൂപ | 90% | | | 1500/- രൂപ |
| PM-YASASVI Pre-Matric Scholarship for OBC,EBC&DNT | Govt & Govt Aided | 9 & 10 | OBC, OEC, OBC-H, EBC | 2.5 ലക്ഷം രൂപ | 60% | | | 4000/- രൂപ |